ഓൺലൈൻ വിദ്യാഭ്യാസം ലഭിക്കാത്തതിലുള്ള മാനസിക സമ്മർദ്ദത്തെ തുടർന്ന് സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനസൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം

29 (335) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ, എഞ്ചിനീയറിംഗ് സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകളിൽ പ്രവേശനം നേടിയ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ബാധകമല്ല.

(സി) സർക്കാർ കോട്ടയിൽ മറ്റ് സംസ്ഥാനങ്ങളിൽ എം.ബി.ബി.എസ്.-ന് പ്രവേശനം നേടിയ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ?

7-2-2009-ലെ സ.ഉ (അച്ചടി) നമ്പർ 50/2009/പ.ജ.പ.വ.വി.വ. പ്രകാരം സർക്കാർ കോട്ടയിൽ മറ്റ് സംസ്ഥാനങ്ങളിൽ എം.ബി.ബി.എസ്.-ന് പ്രവേശനം നേടിയ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിന് നിലവിൽ തടസ്സമില്ല.

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കാൻ നടപടി സ്വീകരിക്കാമോ?

ബാധകമല്ല.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

30 (336) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഭാഗം പൊതുവിദ്യാഭ്യാസ ധാരയിൽ നിന്നും ഒറ്റപ്പെട്ട് പോകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന്; വിശദമാക്കുമോ?

ഇന്റർനെറ്റ്/ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നഴ്സറി സ്കൂളുകൾ, MGLC-കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠനമുറികളിലെയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഐ.ടി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന് ഉപകരണങ്ങൾ ആവശ്യമായ വിദ്യാർത്ഥികളുടെ പട്ടിക പൊതു വിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

31 (337) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്റർനെറ്റ്, ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം അപ്രാപ്യമായത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇന്റർനെറ്റ്/ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠനകേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നഴ്സറി സ്കൂളുകൾ, MGLC-കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്,